**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6279 — 11.07.2012 ൽ മറുപടിയ്ക്ക്

**ഇ-വേസ്റ്റ് മാനേജ്മെന്റ് നിയമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.എസ്.ബിജിമോൾ<br>ശ്രീ.വി.ശശി<br>ശ്രീ.ചിറ്റയം ഗോപകുമാർ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2011-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന ഇ-വേസ്റ്റ് മാനേജ്മെന്റ് നിയമം പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത (ഇ-വേസ്റ്റ് ചട്ടങ്ങൾ) 2012 മേയ് മാസം മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിലായിട്ടുണ്ട്. ഈ നിയമം ഫലപ്രദമായി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി ഇ-വേസ്റ്റ് ഇൻവെന്ററി തയ്യാറാക്കാൻ ബോർഡ് നടപടികൾ ആരംഭിച്ചു. ഇ-വേസ്റ്റ് ചട്ടപ്രകാരം ഈ വേസ്റ്റ് പൊളിച്ചു മാറ്റുകയോ (dismantle) റീസൈക്കിൾ ചെയ്യുകയോ ചെയ്യുന്ന സ്ഥാപനങ്ങളെക്കൊണ്ട് അനുമതികൾ എടുപ്പിക്കുന്നതിനും നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇ-വേസ്റ്റ് സംഭരണത്തിനും സംസ്കരണത്തിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (ബി) | ഇ-വേസ്റ്റ് ശേഖരണ സംവിധാനവും കളക്ഷൻ സെന്ററുകളും എല്ലാ ജില്ലകളിലും പ്രത്യേകമായി സജ്ജീകരിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇ-വേസ്റ്റ് സംസ്ക്കരിക്കുന്നതിന് സംസ്ഥാനത്ത് നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെയില്ല. സംസ്ഥാനത്ത് ശേഖരിക്കപ്പെടുന്നവ |

| | | | |
|---|---|---|---|
| | | | അന്യസംസ്ഥാനങ്ങളിലുള്ള കേന്ദ്രീകൃത സംസ്ക്കരണ കേന്ദ്രങ്ങളിലെത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഇ-വേസ്റ്റിനത്തിൽ ഏതെല്ലാം ഇനങ്ങളാണ് ഉൾപ്പെടുന്നത്? ഇവ കുമിഞ്ഞു കൂടുന്നത് പാരിസ്ഥിതിക പ്രശ്നം ഉണ്ടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ഇവ ഉല്പാദിപ്പിക്കുകയോ നന്നാക്കുകയോ (റിപ്പയർ) ചെയ്യുമ്പോൾ ഉപേക്ഷിക്കപ്പെടുന്ന അവശിഷ്ടങ്ങൾ എന്നിവ ഇ-വേസ്റ്റിനത്തിൽ ഉൾപ്പെടുന്നു. പ്ലാസ്റ്റിക്, അപകടകാരികളായ ഘനലോഹങ്ങൾ, രസം എന്നിവ അടങ്ങുന്ന ഇ-വേസ്റ്റുകൾ യഥാവിധി സംസ്ക്കരിക്കാത്ത പക്ഷം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ